**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1934** **09-12-2022 - ൽ മറുപടിയ്ക്ക്**

**പഠനം മുടങ്ങിയ വിദ്യാർത്ഥകളുടെ സർട്ടിഫിക്കറ്റ് തിരികെ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ ഉന്നത ബിരുദ പഠനത്തിനായി ചേരുകയും കോഴ്സ് തുടരാനാകാതെ പഠനം നിർത്തേണ്ടി വരികയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ മൊത്തം ഫീസടച്ചാൽ മാത്രമെ റ്റി .സി യും ചേരുന്ന സമയത്ത് നൽകിയ സർട്ടിഫിക്കറ്റും തിരികെ നൽകുന്നുള്ളൂയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; അറിയിക്കുമോ; | (ബി) | പഠനം നിർത്തിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്തത് സംബന്ധിച്ചുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (സി) | പഠനം മുടങ്ങിയ വിദ്യാർത്ഥകളുടെ സർട്ടിഫിക്കറ്റ് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇത് സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നോ രക്ഷിതാക്കളിൽ നിന്നോ പരാതികൾ ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട കോളേജുകൾക്ക് ഉചിതമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ